ചുമതലയും ബാധ്യതയും അവരെ ഓർമ്മപ്പെടുത്തുന്നതിനോടൊപ്പം സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കേണ്ട നടപടികൾ സ്വീകരിക്കുവാനും കേന്ദ്ര ഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്താനുമുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ് എന്നറിയിക്കുന്നു. അത് ഉൾക്കൊള്ളുന്ന ഈ പ്രമേയം അംഗീകരിച്ച് സഭയുടെ വികാരം ഗവൺമെന്റിന് ഉൾക്കൊള്ളുന്നതിന് യാതൊരു വൈമനസ്യവുമില്ല. അതുകൊണ്ട് ഈ പ്രമേയം അംഗീകരിക്കുന്നതിൽ ഗവൺമെന്റിന് സന്തോഷം മാത്രമേയുള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: ഗവൺമെന്റ് ഈ പ്രമേയം അംഗീകരിക്കാൻ തയ്യാറായതിൽ എനിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്. 1994-ൽ ആണ് ഡബ്ലിയു.ടി.ഒ. ഉണ്ടായത്. ആറു വർഷമായിട്ടും കഴിഞ്ഞ ഗവൺമെന്റുകളൊന്നും ഇത്തരം നടപടികൾ സ്വീകരിച്ചില്ല. ബഹുമാന്യനായ മുഖ്യമന്ത്രി മുൻകയ്യെടുത്ത് കമ്മീഷനെ നിയമിച്ചതിലും ആ കമ്മീഷൻ ഫലപ്രദമായ നിർദ്ദേശം നൽകിയതിലും പ്രമേയം ചർച്ച ചെയ്തതിലുമുള്ള സന്തോഷം അറിയിക്കുന്നു, ചാരിതാർത്ഥ്യം അറിയിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയത്തെ അനുകൂലിക്കുന്നവർ.....
പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

VI. ക്രമപ്രശ്നം

ഉദ്യോഗസ്ഥന്മാർ ഗാലറിയിൽ ഹാജരില്ലാത്തത് സംബന്ധിച്ച്

ശ്രീ. കെ. കെ. ഷാജു: വെള്ളിയാഴ്ച ദിവസങ്ങളിൽ, അനൗദ്യോഗിക പ്രമേയങ്ങൾ അവതരിപ്പിക്കുന്നതിലൂടെ, ഈ നാട്ടിലെ പൊതുവികാരം ആണ് ഈ സഭയിൽ നമ്മൾ പ്രകടിപ്പിക്കുന്നത്. ആ സമയത്ത് ഗാലറിയിൽ ഒറ്റ ഉദ്യോഗസ്ഥൻപോലുമില്ല. ഇവിടെ അവതരിപ്പിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് കേൾക്കാൻ ഒറ്റ ഉദ്യോഗസ്ഥന്മാർ പോലും ഗാലറിയിൽ ഇല്ല എന്നുള്ളതിൽ കടുത്ത പ്രതിഷേധമുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇക്കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം.

ശ്രീ. കെ. കെ. ഷാജു: എല്ലാ വെള്ളിയാഴ്ചയും ഇങ്ങനെയാണ്. എന്റെ സംശയം പ്രതിപക്ഷം ഇറങ്ങിപ്പോയ കൂട്ടത്തിൽ അവരും ഇറങ്ങിപ്പോയോ എന്നാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ചെയർ പറഞ്ഞുകഴിഞ്ഞല്ലോ; മുഖ്യമന്ത്രി അതിനെക്കുറിച്ച് അന്വേഷിക്കും.

സാമാന്യമായി പൊതുതാൽപ്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ— (തുടർച്ച)

(2) മായം ചേർക്കലും പരിസ്ഥിതിയെ ഹാനികരമായി ബാധിക്കുന്ന പ്രവർത്തനങ്ങളും തടയുന്നതിന് നിയമനിർമ്മാണം

ശ്രീ. ടി. എൻ. പ്രതാപൻ: കെ. കെ. രാമചന്ദ്രൻ മാസ്റ്റർ ചുമതലപ്പെടുത്തിയ തനുസരിച്ച് താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

"കേരളത്തിൽ ഭക്ഷ്യ വസ്തുക്കൾ, ഔഷധങ്ങൾ ഭക്ഷ്യേതര വസ്തുക്കൾ എന്നിവയിൽ മായം ചേർക്കുന്നതും പരിസ്ഥിതിയെ ഹാനികരമായി ബാധിക്കുന്ന പ്രവർത്തനങ്ങളും ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്നു. ഇവ തടയുന്നതിന് ഫലപ്രദമായ ഒരു നിയമമോ സംവിധാനമോ കേരളത്തിൽ ഇന്ന് നിലവിലില്ല. ആയതിനാൽ മായം ചേർക്കുന്നതും പരിസ്ഥിതി പ്രശ്നങ്ങളും നിരന്തരമായി പരിശോധിച്ച് കുറ്റവാളികൾക്ക് കനത്ത ശിക്ഷ നൽകുന്നതിന് ഒരു പ്രത്യേക നിയമനിർമ്മാണം നടത്തണമെന്നും ഇതിനായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കണമെന്നും ഈ സഭ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു." 1930-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്റ്റ് മലബാറിലും, ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട് തിരുവിതാംകൂറിലും ബാധകമാക്കിയവയാണ്. നമ്മുടെ സംസ്ഥാനത്തെ പബ്ലിക് ഹെൽത്ത് ആക്ടുമായി ബന്ധപ്പെട്ട് ഇവയാണ് ഇപ്പോൾ നിലവിലുള്ളത്. നമ്മുടെ സംസ്ഥാനത്ത് ഒരു യൂണിഫൈഡ് പബ്ലിക് ഹെൽത്ത് ആക്ട് ഇപ്പോൾ നിലവിലില്ല. ഐക്യ കേരളം ഉണ്ടായി, നമ്മൾ ഒരുപാട് നിയമനിർമ്മാണങ്ങൾ നടത്തി. ഈ സഭ തന്നെ പഴയ കാലത്ത് ഉണ്ടായിരുന്ന നിയമങ്ങൾ മാറ്റി പുതിയ നിയമങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ഭഗീരഥമായ നിയമ പരിഷ്ക്കരണം നടത്തിക്കൊണ്ടിരിക്കുകയാണ്. 1930-ൽ, നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടുന്നതിന് മുമ്പ്, ഉണ്ടായിരുന്ന നിയമങ്ങളാണ് പൊതുജനാരോഗ്യത്തെ സംബന്ധിച്ച് ഇന്നും ഉള്ളത്. അതും സംസ്ഥാനം രൂപീകരിക്കുന്നതിന് മുമ്പ് ഒരു ഭാഗത്ത് മദ്രാസ് സംസ്ഥാനം ആയിരുന്നപ്പോഴും മറുഭാഗത്ത് ട്രാവൻകൂർ കൊച്ചിൻ സംസ്ഥാനം ആയിരുന്നപ്പോഴും ഉണ്ടായിരുന്ന രണ്ടു പബ്ലിക് ഹെൽത്ത് ആക്ടുകളാണ് ഇന്നും ഈ സംസ്ഥാനത്തുള്ളത്. ആദ്യം നമ്മൾ കേരളത്തിൽ ഒരു യൂണിഫൈഡ് പബ്ലിക് ഹെൽത്ത് ആക്ട് കൊണ്ടുവരുന്നതിന് വേണ്ടിയുള്ള ഒരു സംവിധാനം ഉണ്ടാക്കുകയാണ് ചെയ്യേണ്ടത്. പൊതുജനാരോഗ്യം എന്നുള്ളത് സംസ്ഥാന വിഷയമാണ്. അതുകൊണ്ട് ഇതിന്റെ പൂർണ്ണമായ ചുമതല സംസ്ഥാനത്തിനാണ്. ആ ചുമതല നിർവ്വഹിക്കുന്നതിൽ സംസ്ഥാന ഗവൺമെന്റ് ആത്മാർത്ഥമായ ശ്രമം നടത്തണം. പ്രത്യേകിച്ചും നിരവധി നിയമനിർമ്മാണങ്ങൾക്ക് മാതൃകാപരമായ തുടക്കംകുറിച്ചിട്ടുള്ള ഈ ഗവൺമെന്റ്, സംസ്ഥാന ഗവൺമെന്റിന്റെ ഏറ്റവും വലിയ ബാധ്യതയായ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനുവേണ്ടിയുള്ള പുതിയ നിയമനിർമ്മാണം നടത്തി മാതൃകാപരമായ ഒരു സമീപനം സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇന്ന് കുറ്റം ചെയ്യുന്നവർക്ക് കർശനമായ ശിക്ഷയില്ല. മായം ചേർക്കൽ എന്നുള്ളത് മനുഷ്യന്റെ ജീവനെ ബാധിക്കുന്ന പ്രശ്നമാണ്. അത്രയും ഗുരുതരമായ കുറ്റം ചെയ്യുന്നവർക്ക് ഇന്ന് കടുത്ത ശിക്ഷയില്ല എന്നത് അങ്ങേയറ്റം ഭേദകരമായ കാര്യമാണ് ഇന്ന് ഏതെങ്കിലും ഭക്ഷ്യ വസ്തുക്കൾ വിൽക്കുന്ന സ്ഥാപനത്തിന് ലൈസൻസ് കിട്ടണമെങ്കിൽ കേവലം ലോക്കൽ അതോറിറ്റിക്ക് അപേക്ഷ മാത്രം കൊടുത്താൽ മതി. അതു പോരാ, ഭക്ഷ്യ വസ്തുക്കളിലെ മായത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് ഹോട്ടലുകൾ, ബേക്കറികൾ, സൂപ്പർമാർക്കറ്റുകൾ, പൊതു സ്ഥലങ്ങളിൽ വിൽക്കുന്ന ഭക്ഷ്യവസ്തുക്കൾ, ഇങ്ങനെയുള്ളവ വിൽക്കുന്ന സ്ഥാപനങ്ങൾക്കുപോലും ലൈസൻസ് കിട്ടണമെങ്കിൽ നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അപേക്ഷ മാത്രം കൊടുത്താൽ മതി. അതു പോരാ, നമ്മുടെ ഹെൽത്ത് ഇൻസ്പെക്ടർമാരും, ഹെൽത്ത് സൂപ്പർവൈസർമാരുമായി ആളുകളുടെ സേവനം കൂടി ഉപയോഗപ്പെടുത്തി വിൽക്കുന്ന സ്ഥാപനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ലൈസൻസിനുവേണ്ടി അപേക്ഷിച്ചാൽ അത്തരം സ്ഥാപനങ്ങളുടെ യഥാർത്ഥത്തിലുള്ള സ്ഥിതി പരിശോധിച്ച് അവർക്ക് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യുന്ന സംവിധാനം ഉണ്ടാക്കിയാൽ മാത്രമേ ഇത്തരം സ്ഥാപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ ഭക്ഷ്യ വസ്തുക്കൾക്ക് കാളിറ്റിയും ശുചിത്വവും ഉണ്ടെന്നു ബോദ്ധ്യമാകുകയുള്ളൂ. ഇന്ന് ലോക രാജ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് രോഗ പ്രതിരോധത്തിനുവേണ്ടി, രോഗം വരാതിരിക്കുവാൻ വേണ്ടിയുള്ള മുൻകരുതലാണ് ഏറ്റവും പരിഷ്കൃതമായ ലോക സമൂഹങ്ങളിൽ എവിടേയും സ്വീകരിക്കുന്നത്. നമ്മുടെ രാജ്യത്ത് എന്താണ് സ്ഥിതി? രോഗം വന്നാൽ അതിന് ആവശ്യമായ പ്രതിവിധി കാണാൻ വേണ്ടി കോടിക്കണക്കിന് രൂപ, നമ്മൾ ചെലവു ചെയ്യും. ലോക രാജ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം രോഗം വരാതിരിക്കാൻവേണ്ടി പരിസര മലിനീകരണം, മായം ചേർക്കൽ എന്നിവ തടയുന്നതിനുവേണ്ടി ആവശ്യമായ മുൻകരുതലുകൾ എടുക്കലാണ്. ലോകത്തിലെ എല്ലാ രാജ്യങ്ങളുടേയും പൊതു ബജറ്റിൽനിന്നും ഏറ്റവും കൂടുതൽ പണം ചെലവു ചെയ്തത് ഇതിനുവേണ്ടിയാണ്. നമ്മളോ പ്രശ്നം വരുമ്പോൾ, തൽക്കാലം അതിനുള്ള പരിഹാരം എന്നുള്ള നിലയിൽ അപ്പപ്പോഴത്തെ മുട്ടുശാന്തിക്ക് വേണ്ടിയുള്ള കാര്യങ്ങൾ ചെയ്യുന്ന സംവിധാനമാണ് പൊതുജനാരോഗ്യ രംഗത്ത് സ്വീകരിച്ചുവരുന്നത്. അത് മാറ്റണം. ഒരു ചെറിയ ഉദാഹരണം പറയാം. ചില വിദേശ രാജ്യങ്ങളിൽ പൊതു സ്ഥലത്ത് തുപ്പുന്നതുപോലും കുറ്റകരമാണ്, അതിന് പിഴ ഈടാക്കും. ഇവിടെയുള്ള പല മെമ്പർമാരും വിദേശ രാജ്യങ്ങളിൽ വിനോദസഞ്ചാരത്തിന് പോയിട്ടുണ്ട്. അവിടെ വെയ്സ്റ്റ് കടലാസ് പൊതു സ്ഥലത്ത് ഇട്ടാൽ അത് കുറ്റകരമാണ്. നമ്മൾ പൊതുസ്ഥലത്ത് അറിഞ്ഞോ അറിയാതെയോ പോലും തുപ്പിയാൽ നമ്മുടെ പേരിൽ അപ്പോൾ പിഴ ഈടാക്കും. നമ്മുടെ നാട്ടിൽ എന്താ സ്ഥിതി? നമ്മുടെ നാട്ടിൽ പൊതു സ്ഥലത്ത് മലമൂത്ര വിസർജ്ജനം നടത്തിയാൽപ്പോലും ഒരു കുഴപ്പവുമില്ല. അത് മാറ്റിയെടുക്കുവാൻ ഇത്തരം കാര്യങ്ങളിൽ ബോധവൽക്കരണം വേണം. പരിസര ശുചീകരണമാണ് ഒരു മനുഷ്യന്റെ ആരോഗ്യ പ്രശ്നങ്ങളുടെ ഏറ്റവും പ്രാഥമികമായ കാര്യം. അതിന് പ്രാധാന്യം കൊടുത്തുകൊണ്ടുവേണം നമ്മുടെ നാട്ടിൽ പുതിയ നിയമം നിർമ്മിക്കേണ്ടത്. ഇന്ന് മായം ചേർക്കൽ വളരെ സാർവ്വത്രികമാണ്. അമ്മയുടെ മുലപ്പാലിൽപ്പോലും അറിയാതെ മായം കടന്നു വരികയാണ്. ഗർഭിണിയായ അമ്മ കഴിക്കുന്ന ഭക്ഷ്യ വസ്തുക്കളിലെ വിഷാംശങ്ങൾ മുലപ്പാലിലൂടെ കടന്നുവന്ന് പിഞ്ചു കുഞ്ഞിന്റെ ജീവിതത്തിലേക്കുപോലും അറിയാതെ വിഷം കലരുന്ന സ്ഥിതി ഉണ്ടായിരിക്കുന്നു. അത് മാത്രമല്ല മരിക്കാൻവേണ്ടി വിഷംകഴിച്ചിട്ട് പല ആളുകളും മരിക്കുന്നില്ല. വിഷത്തിൽപ്പോലും മായം ചേർക്കപ്പെടുന്ന ഒരു പ്രവണതയാണ് ഇന്ന് ഇവിടെ ഉള്ളത്. ഉറുമ്പ്, ചിതൽ എന്നിവയെ കൊല്ലാൻവേണ്ടി കീടനാശിനികൾ ഉപയോഗിക്കാറുണ്ട്. അത്തരം കീടനാശിനികൾ ഉപയോഗിച്ച് മനുഷ്യൻ ആത്മഹത്യ ചെയ്യാറുള്ള കാര്യങ്ങൾ നമ്മൾ മാധ്യമങ്ങളിൽ വായിക്കാറും അറിയാറുമുണ്ട്. ഉറുമ്പിനും ചിതലിനും വേണ്ടിയുള്ള കീടനാശിനി ഉപയോഗിച്ചാൽ ഉറുമ്പും ചിതലും ആ കീടനാശിനി തിന്ന് തടിച്ച് കൊഴുത്ത് നമ്മെക്കണ്ടാൽ ഒന്ന് പരിഹസിച്ച് ചിരിച്ച് കൊണ്ട് പോവുകയാണ്. കീടനാശിനികളിൽപ്പോലും സാർവ്വത്രികമായി മായം ചേർക്കപ്പെടുന്നു. ട്രാവൻകൂർ -കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട് പ്രകാരം കൊതുക് വളരുന്നതിന് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന വ്യക്തിയോ സ്ഥാപനങ്ങളോ ഏതായാലും അവയെ ശിക്ഷിക്കുന്നതിന് വ്യവസ്ഥയുണ്ട്. ഈ ആക്ട് 1930-ൽ ഉണ്ടാക്കിയതാണ്. ഏതെങ്കിലും പൊതു സ്ഥലത്ത് കൊതുക് വളരുന്നതിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്ന വ്യക്തിയോ സ്ഥാപനമോ ശിക്ഷിക്കപ്പെടാൻ വ്യവസ്ഥയുണ്ട്. ഈ നിയമമെങ്ങാനും നമ്മുടെ ഇവിടെ ഫലപ്രദമായി നടപ്പിലാക്കിയാൽ, വളരെ വിനയത്തോടുകൂടി പറയട്ടെ, നമ്മുടെ നിയമസഭാ സ്പീക്കർ പോലും ചിലപ്പോൾ ഈ നിയമത്തിന്റെ പരിധിയിൽവന്ന് ശിക്ഷയ്ക്ക് വിധേയമാകുമോ എന്നാണ് എന്റെ സംശയം. നമ്മുടെ എം.എൽ.എ. ഹോസ്റ്റലിലെ കൊതുകിന്റെ സ്ഥിതി അത്രയാണ്. കൊതുകു വളരാനുള്ള സാഹചര്യം ഉണ്ടായാൽ അത്തരം സാഹചര്യം ഉണ്ടാക്കുന്ന സ്ഥാപനങ്ങളേയോ വ്യക്തികളേയോ ശിക്ഷിക്കാനുള്ള വ്യവസ്ഥ 1930-ലെ ട്രാവൻകൂർ -കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടിൽ ഉണ്ട്. ഈ നിയമനിർമ്മാണ

LIBRARY ARCHIVES Kerala Legislative Assembly

സഭയുടെ ചുറ്റുവട്ടത്ത് അംഗങ്ങൾ താമസിക്കുന്ന ഹോസ്റ്റൽ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ കൊതുകുകൾ പോലും ഇന്ന് ദിവസേന തടിച്ച് കൊഴുത്ത് വളരുകയാണ്. ഗുരുതരമായ മായംചേർക്കലും പരിസ്ഥിതി മലിനീകരണവും പൊതുജനാരോഗ്യത്തിനു ഹാനികരമായി നിലനിൽക്കുന്ന ഈ സംസ്ഥാനത്ത് യൂണിഫൈഡ് ആയിട്ട് ഒരു ആക്ട് ഇല്ല എന്ന് പറയുന്നത് അങ്ങേയറ്റത്തെ സങ്കടകരമായ കാര്യമാണ്. ആ ആക്ട് ഉണ്ടാക്കണമെന്നതാണ് എന്റെ പ്രമേയത്തിലെ പ്രധാനപ്പെട്ട ആവശ്യം. അങ്ങനെ ഒരു ഗൗരവപൂർവ്വമായ ആക്ട് ഉണ്ടാക്കിയാൽ മാത്രമേ ഇന്ന് ഉണ്ടാകുന്ന മലിനീകരണവും മായംചേർക്കലും ഇല്ലായ്മ ചെയ്യാനും പരിസ്ഥിതി സംരക്ഷണം നടത്താനും അതുവഴി ജനങ്ങളുടെ ആരോഗ്യം നിലനിർത്താനും സാധിക്കുകയുള്ളൂ.

ശ്രീ ഏ. കേ. മണി : மதிப்பிற்குரிய மெம்பர், கலப்படம் நம் நாட்டிலே சர்வசாதாரணம். அரிசியிலே கல் கலக்கிறது, கடுகிலே கடல் மண் கலக்கிறது. இப்படி கலக்கல் என்பது ஒரு சர்வசாதாரணம் ஆகிவிட்டது.

ശ്രീ ടി. എൻ. പ്രതാപൻ : தமிழ் தெரியாது. மலையாளம் பேசுங்கள்.

ശ്രീ ഏ. കേ. മണി : சார், தமிழ் தெரியாது என்பது வேறே, ஆனால் எனக்கு தமிழ் பேச உரிமை இருக்கிறது.

ശ്രീ ടി. എൻ. പ്രതാപൻ : மலையாளம் பேசுங்கள்.

ശ്രീ ഏ. കേ. മണി : கலப்படம் நம் நாட்டிலே இப்போது சாதாரணம். பொது இடங்களில் எச்சில் துப்பக்கூடாது, சிறுநீர் கழிக்கக்கூடாது என்பது நம் நாட்டுச்சட்டம். அதாவது மலையாளத்திலே, "இவிடெ மூத்திரம் ஒழிக்கருது" என்று எழுதி வைத்தால் சிறுநீர் கழிக்கிறவர்களுடைய பெயரில் நடவடிக்கை எடுக்கிறதில்லை. அது தவறு. கடைசியிலே பிரதாபன் சொன்னது தாய்ப்பாலிலே கூடக் கலப்படம் இருக்கிறது. அதாவது அம்மையுடே முலப்பாலில் கலப்படம் என்று சொன்னார். அது தப்பு. அம்மா என்று சொன்னால் ஒரு தெய்வீகம். எனவே தாய்ப்பால் ஒரு போதும் கலப்படம் ஆக போகிறதில்லை. தாய்பாலில் கலப்படம் இல்லை. எனவே தகுந்த சட்டங்கள் இருந்தும் கலப்படம் செய்யக்கூடிய ஆட்கள் தண்டிக்கப்படாமல் இருப்பது மிகவும் குற்றகரமானது. எனவே அவர்கள் தண்டிக்கப்படவேண்டும்.

ശ്രീ. തമ്പാനൂർ രവി: ബഹുമാനപ്പെട്ട മണി ഒരു കാര്യം പറഞ്ഞു. അത് തമിഴിലാണ് പറഞ്ഞത്. ശ്രീ. ടി. എൻ. പ്രതാപന് അത് മനസ്സിലായിട്ടും ഇല്ല. അങ്ങ് തമിഴ് അറിയാവുന്ന ആളാണ്. ട്രാൻസിലേറ്റ് ചെയ്തുകൊടുക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങേയ്ക്കും അറിയാമല്ലോ തമിഴ്.

ശ്രീ. തമ്പാനൂർ രവി: എനിക്കറിയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങേയ്ക്ക് അറിയാവുന്ന രീതിയിൽ എനിക്കും അറിയാം.

ശ്രീ. ടി. എൻ. പ്രതാപൻ: തമിഴ് ട്രാൻസിലേറ്റ് ചെയ്തുതന്നാൽ വളരെ ഉപകാരമായിരിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ: മലയാളവും തമിഴും ഒരു കുടുംബത്തിലെ ഭാഷയാണ് അങ്ങേയ്ക്ക് മനസ്സിലായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ: ഞാൻ പഠിച്ചിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പഠിക്കേണ്ട..... യേസ് പ്ലീസ്.....പ്ലീസ്.....

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഭക്ഷ്യവസ്തുക്കളിലെ മായമാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഉദാഹരണം പറയാം. നമ്മൾ എല്ലാപേരും നിത്യവും ഉപയോഗിക്കുന്ന ഒന്നാണ് പരിപ്പ്. പരിപ്പിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് ടാൽക്ക് എന്ന വിഷാംശമടങ്ങിയ വസ്തുവാണ്. മെറ്റാനിൽ യെല്ലോ എന്ന ഒരു സാധനമാണ് പരിപ്പിലുപയോഗിക്കുന്ന മറ്റൊരു ഗുരുതരമായ വിഷാംശമടങ്ങിയ വസ്തു. അതൊരു കെമിക്കലാണ്. ഇത് ചേർത്താണ് ഭൂരിഭാഗം സ്ഥലങ്ങളിലും പരിപ്പ് വിൽക്കപ്പെടുന്നത്. ബഹുമാനപ്പെട്ട തമിഴ് മെമ്പർ .....(ബഹളം).....തമിഴ് മെമ്പറെന്ന് പറഞ്ഞത് ഞാൻ പിൻവലിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനി 2 പ്രമേയമുണ്ട്.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, അവിടെ ആരുമില്ല; രണ്ടുപേരും സ്ഥലത്തില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇവിടെ ആൾ സ്ഥലത്തുണ്ട്.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, പ്രതിപക്ഷ മെമ്പറില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രതിപക്ഷത്തിന്റെ കാര്യമല്ല പറയേണ്ടത്. നമുക്കിവിടെ ലിസ്റ്റുണ്ട്. Please, no..no..no..... What is your point of order. ഇവിടെ പോയിന്റുമില്ല, ഓർഡറുമില്ല. Please resume your seat.

ശ്രീ. തനിമാനൂർ രവി: സർ, ഇവിടെ ബഹുമാന്യനായ ഒരു മെമ്പർ മറ്റൊരു മെമ്പറെ തമിഴ് മെമ്പറെന്ന് വിളിച്ചു. അത് ഓർഡറിലാണോ, അങ്ങയുടെ റൂളിംഗ് വേണം. അങ്ങനെ ഒരു മെമ്പർ ഇവിടെ ഉണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങയെപ്പോലെയുള്ള ആളുകളിൽ നിന്നും ഇതുണ്ടാകരുത്.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, കോൾഗേറ്റ് എന്ന ഡൈ മിക്സ് ചെയ്താണ് ഇന്ന് തേയില ഭൂരിഭാഗം സ്ഥലങ്ങളിലും വിൽക്കുന്നത്. ചിപ്സിൽ ടാർട്രാസിൻ എന്ന കളർ ലോകത്തുതന്നെ നിരോധിച്ച കളറാണ്—ആ കളർ ചേർത്താണ് ചിപ്സുണ്ടാക്കുന്നത്. അത് നമ്മുടെ ആമാശയത്തിൽ ആമാശയ രോഗമുണ്ടാക്കും. കാൻസർ വരുത്തുന്നതിന് ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് ഇത്. കഞ്ഞി വയ്ക്കാനുപയോഗിക്കുന്ന കുത്തരിയിൽ റെഡ് ഓക്സൈഡ് ചേർത്തുകൊണ്ടാണ് ഭൂരിഭാഗം സ്ഥലങ്ങളിലും കുത്തരിക്ക് കുത്തരിയുടെ കളർ നൽകുന്നതെന്ന കാര്യം ഈ അടുത്ത കാലത്ത് നടത്തിയ ചില പരീക്ഷണങ്ങളുടെ വെളിച്ചത്തിൽ നമ്മൾ പത്രങ്ങളിൽ വായിക്കാനിടയായി. ഇത് ഗുരുതരമായ ഒരു കാര്യമാണ്. മായം ചേർക്കുന്നത് പിടിക്കാൻ നമുക്കിവിടെ കാര്യമായ വ്യവസ്ഥയില്ല. വെളിച്ചെണ്ണയിൽ കെർണൽ ഓയിൽ എന്ന ഓയിലും, വികിഡ് പാരഫിൻ എന്ന വാക്സും ചേർത്തുകൊണ്ട് വെളിച്ചെണ്ണയെ കണ്ണുനീർ പോലെയാക്കി മാറ്റുന്നു. ശീതളപാനീയങ്ങളിൽ—ഈ അടുത്ത കാലങ്ങളിൽ പത്രങ്ങളിലൊക്കെ വായിക്കാനിടയായി. ബഹുമാനപ്പെട്ട ചെയർ കോള കുടിക്കുമോയെന്ന് എനിക്കറിയില്ല—കോള,

LIBRARY ARCHIVES Kerala Legislative Assembly

അതീവ ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണ് നമ്മുടെ സംസ്ഥാനത്തും ഇന്ത്യയിലു മടക്കം, ഉണ്ടാക്കിയിരിക്കുന്നത്. ഏറ്റവും അപകടകരമായ വിഷാംശമാണ് കോളകളി വുള്ളത്. ഡി.ഡി.റ്റി. ലോകം മുഴുവനും നിരോധിച്ച ഒരു കീടനാശിനിയാണ്. വിൻഡൈൻ ഡി.ഡി.റ്റി., മാവത്തിയോൺ തുടങ്ങിയ മാരകമായ വിഷാംശങ്ങളാണ് കൊക്കകോള ഉൾപ്പെടെയുള്ള കോളകളിൽ ഉള്ളത്. ബഹുമാനപ്പെട്ട മന്ത്രിയോടും മുഖ്യമന്ത്രിയോടും വിനയപൂർവ്വമായ ഒരഭ്യർത്ഥനയുണ്ട്. ഈ കൊക്കകോളയും പെപ്സിയുമുൾപ്പെടെയുള്ള കോളകളുടെ വിൽപ്പനയും വിതരണവും നമ്മുടെ സംസ്ഥാനത്ത് നിരോധിക്കണം. ഇന്ന് ദേശവ്യാപകമായി അതിന്റെ ഗുരുതരാവസ്ഥ ബോദ്ധ്യപ്പെട്ടിരിക്കുകയാണ്; എല്ലാ പരീക്ഷണ നിരീക്ഷണങ്ങളിലും ഇതിൽ മാരകമായ വിഷം കലർന്നതായി ബോദ്ധ്യം വന്നിട്ടുണ്ട് ഏറ്റവും ചുരുങ്ങിയത് നമ്മുടെ സർക്കാരിന്റെ ഇതര കാന്റീനുകളിലും, കെ.ടി.ഡി.സി.-യുടേയും ടൂറിസം ഡിപ്പാർട്ടുമെന്റിന്റേയും സ്ഥാപനങ്ങളിലും സർക്കാർ പരിപാടികളിലും ഈ കോളകൾ നിരോധിക്കാൻ വേണ്ടിയുള്ള ഒരു പ്രഖ്യാപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇതിന് മറുപടി പറയുന്ന ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. എം. മണിയും ഈ സഭയിൽ പ്രഖ്യാപിക്കണം. കേരളത്തിലെ ജനങ്ങൾ അങ്ങേയറ്റത്തെ ആകാംക്ഷയോടെയാണ് ഇതിനെ കാണുന്നത്. കഴിഞ്ഞ കുറേ ദിവസങ്ങളായി പത്രമാധ്യമങ്ങളിലും ദൃശ്യമാധ്യമങ്ങളിലുമൊക്കെ കാണുകയും വായിക്കുകയുമൊക്കെ ചെയ്ത്, അവരുടെ മക്കൾ നിരന്തരമായി കുടിച്ചിരുന്ന ഈ കോളകളിൽ എത്രമാത്രം വിഷാംശമുണ്ടായിരുന്നു എന്ന് ബോദ്ധ്യപ്പെട്ടതിന്റെ പേരിൽ പലരും പല ആശുപത്രികളിലും പോയിക്കൊണ്ടിരിക്കുകയാണ്. പൊതുജനങ്ങളെ ബാധിക്കുന്ന ഈ അതീവ ഗുരുതരമായ മാലിന്യപ്രശ്നത്തിൽ, പ്രത്യേകിച്ചും കോളകളുടെ കാര്യത്തിൽ നമ്മുടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പോസിറ്റീവായ ഒരു തീരുമാനം ദയവ് ചെയ്ത് ഉണ്ടാകണം. ഇത് ഏറ്റവും ഗുരുതരമായ, പൊതുജനങ്ങളുടെ ആരോഗ്യപ്രശ്നമാണ്. നമ്മുടെ പ്രിയപ്പെട്ട ശക്തൻ മെമ്പർക്ക് ഒന്ന് വഴങ്ങിയിട്ട് അവസാനിപ്പിക്കാം.

ശ്രീ. എൻ. ശക്തൻ: സർ, ഭക്ഷ്യപദാർത്ഥങ്ങളിൽ മായം ചേർക്കുന്നതിനെപ്പറ്റിയാണല്ലോ പറയുന്നത്. കേരളത്തിൽ ഏതാണ്ട് 90 ശതമാനം ആളുകളും മത്സ്യം കഴിക്കുന്നവരാണ്. മത്സ്യത്തിൽ മാരകമായ വിഷാംശം ചേർന്ന ഒരു സാധനം ചേർത്താണ് അത് കേടുകൂടാതെ സൂക്ഷിക്കുന്നത്. കടലിൽനിന്നും ഏറ്റവും അടുത്തുകിടക്കുന്ന തിരുവനന്തപുരം സിറ്റിക്കകത്തുപോലും പ്രഷ് മത്സ്യം കിട്ടുന്നില്ല. ആരോഗ്യത്തിന് വളരെ ഹാനികരമായ പല പദാർത്ഥങ്ങൾ ചേർത്താണ് വരുന്നത്. അത് കണ്ടുപിടിക്കുന്നതിനും പരിശോധിക്കുന്നതിനും ഒഴിവാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കാത്തത് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: മത്സ്യത്തിൽ മാത്രമല്ല, തമിഴ്നാട്ടിൽ നിന്നും വരുന്ന മുഴുവൻ സാധനങ്ങളിലും, പാലിലും, പച്ചക്കറികളിലുമൊക്കെ ഇതുണ്ട്.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, തിരുവനന്തപുരം സിറ്റിയിൽ കൊണ്ടുവരുന്ന മീനിൽപ്പോലും, കടപ്പുറത്തുനിന്നും പിടിച്ചുകൊണ്ടുവരുന്ന അതേ സന്ദർഭത്തിൽത്തന്നെ അമോണിയ ചേർക്കുകയാണ്. ഏറ്റവും ഗുരുതരമായ ആമാശയ രോഗങ്ങൾ ഉണ്ടാക്കുന്നതാണ് അമോണിയ. ഇവിടെ കാണുന്ന മാമ്പഴം, ഒരേ കളറിലായി, മഞ്ഞ നിറത്തിൽ ഫ്രൂട്ട്സ് കടകളിൽ വയ്ക്കുന്നുണ്ട്. ഈ മാമ്പഴമൊക്കെ ഇതേ നിറമായി, ഇളയ മാങ്ങയെത്തന്നെ നമുക്ക് പഴുത്ത മാങ്ങയാക്കി മാറ്റാൻ പറ്റും. ഏറ്റവും അപകടകരമായ കാർബണാണ് ഇതിൽ ഉപയോഗിക്കുന്നത്. 200 ഗ്രാം കാർബൺ പൊടി ഒരു പ്ലാസ്റ്റിക് കടലാസിലിട്ട് ഒരു റോഡ്

LIBRARY ARCHIVES Kerala Legislative Assembly

മാങ്ങയുള്ള സവാളത്തുവച്ചാൽ മാങ്ങ മുഴുവനും മഞ്ഞനിറമാകും, പഴുക്കും. ഇത് കഴിച്ചാൽ കുട്ടികളെ മാത്രമല്ല, മുതിർന്ന ആളുകളുടെ ആരോഗ്യത്തെപ്പോലും ഗുരുതരമായി ബാധിക്കും. ഇതിനെപ്പറ്റി നടത്തിയ എല്ലാ പരീക്ഷണങ്ങളും, ഗുരുതരമായ ആരോഗ്യപ്രശ്നം ഉണ്ടാക്കുമെന്ന് തെളിയിച്ചിട്ടുണ്ട്. നേന്ത്രപ്പഴത്തിന്റെ പ്രത്യേകത, കുല വിളഞ്ഞുവന്നാൽ അതിന്റെ കൂമ്പൊടിക്കും. കൂമ്പൊടിച്ചിട്ട് അതിൽ അമോണിയ വച്ചുകെട്ടും. അത് കഴിഞ്ഞാൽ വാഴപ്പഴത്തിൽ യൂറിയ വയ്ക്കും. നേന്ത്രപ്പഴത്തിന് വണ്ണമുണ്ടാകും. കണ്ടാൽ സുന്ദരിയായ ഒരു പെണ്ണിനെപ്പോലെ വളർന്നുവരുതായി വരും. അപകടകരമായ ഈ പഴമാണ് നമ്മൾ കഴിക്കുന്നത്. തമിഴ്നാട്ടിൽനിന്നും വരുന്ന പൂവനപഴമുണ്ട്. നല്ല വണ്ണത്തിലുള്ള പൂവനപഴം. വണ്ണമുള്ള പൂവനപഴമൊക്കെ ഉണ്ടാക്കുന്നത് വാഴക്കുടപ്പനിൽ ഈ മാരകമായ വിഷം വച്ചു കൊണ്ടാണ്. ഇന്ന്, സംസ്ഥാനത്തെ സഹകാര്യ മദ്യവിൽപ്പന സവാളങ്ങളിൽ നിന്നു വാങ്ങുന്ന മദ്യം ഏറ്റവും അപകടകരമാണ്. മദ്യത്തിലെ വിഷം..... ...

മി. ഡെപ്യൂട്ടി സ്പീക്കർ: അത് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. ടി. എൻ. പ്രതാപൻ: സർ, എനിക്കറിയാവുന്ന എന്റെ ചില സുഹൃത്തുക്കളോട് പോദിച്ച് അറിഞ്ഞതും അതുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ടുകൾ വായിച്ചതുമാണ്. ഞാൻ ജീവിതത്തിൽ മദ്യം കഴിച്ചിട്ടില്ല. ഞാൻ ഈ സഭയിൽത്തന്നെ പറഞ്ഞിട്ടുണ്ട്. ജീവന് നില നിറുത്താൻ മദ്യം കഴിക്കണമെന്ന് എന്നോട് പറഞ്ഞാൽ, അങ്ങനെ മദ്യം കഴിച്ചുകൊണ്ട് ഒരു ജീവിതം എനിക്ക് വേണ്ട, അതിലും നല്ലത് മരണമാണെന്ന് ഞാൻ ഈ സഭയിൽത്തന്നെ ഒരിക്കൽ പറഞ്ഞതാണ്. മദ്യത്തിലെ വിഷം അപകടകരമാണ്. ഇതുൾപ്പെടെ അതീവ ഗുരുതരമായ.....

ശ്രീ. കെ. കെ. ഷാജു: സർ, മദ്യത്തിൽ മായം ചേർക്കുന്നതിനെപ്പറ്റി ഇവിടെ പറഞ്ഞു. അതിന്റെ ഗുരുതരാവസ്ഥ കാണിക്കുന്നതിനുവേണ്ടി, വിഷാംശം കലർത്തുന്നതിനെ സംബന്ധിച്ച് പറഞ്ഞു. ശ്രീ. ടി. എൻ. പ്രതാപൻ മദ്യവിരുദ്ധ പ്രവർത്തകനും അതിന് നേതൃത്വം കൊടുക്കുന്ന ആളുമാണ്. സാക്ഷാൽ മഹാത്മജിയുടെ ഉറ്റ അനുയായിയാണ് ഇക്കാര്യത്തിൽ. മദ്യത്തിനകത്ത് മായം കലർത്തുന്നത് സംബന്ധിച്ച് എങ്ങനെ ഇത്ര കൃത്യമായ വിവരം അദ്ദേഹത്തിന് കിട്ടി എന്നുള്ളത് സംബന്ധിച്ച് പറയാമോ?

ശ്രീ. ടി. എൻ. പ്രതാപൻ: ശ്രീ. കെ. കെ. ഷാജുവിന്റെ അപ്പുറത്തിരിക്കുന്നത് എന്റെ ആത്മസുഹൃത്ത് ശ്രീ. ഉമേഷ് ചള്ളിയിലാണ്. അദ്ദേഹം എന്റെ അയൽക്കാരനാണ്, കൊടുങ്ങല്ലൂർക്കാരനാണ്, ഞങ്ങൾ ആത്മ സുഹൃത്തുക്കളാണ്. ഞാൻ ഈ പ്രമേയം അവതരിപ്പിക്കാൻവേണ്ടി ശ്രീ. ഉമേഷ് ചള്ളിയിലുമായി ചർച്ച ചെയ്തതാണ്. എനിക്കിത് പറഞ്ഞുതന്നത് എന്റെ സുഹൃത്ത് ശ്രീ. ഉമേഷ് ചള്ളിയിലാണ്, അദ്ദേഹം കുറെ രേഖകൾ പരിശോധിച്ച് തപ്പിയെടുത്തുകൊണ്ടുവന്ന ചില കെമിക്കലുകളുടെ പേരുകളുണ്ട്, അദ്ദേഹം വളരെ ശാസ്ത്രീയമായി അന്വേഷണം നടത്തിയിട്ടാണ് ഇത് കൊണ്ടുവന്നത്. അത് ഞാൻ പ്രത്യേകം എടുത്തുപറയുകയാണ്, ഞാനിത് വെറെ അർത്ഥത്തിലല്ല പറഞ്ഞിട്ടുള്ളത്.

ശ്രീമതി മാവേത്ത് സരളാദേവി: സർ, അങ്ങ് നല്ലൊരു പ്രമേയമാണ് അവതരിപ്പിക്കുന്നത്. ഭക്ഷ്യവസ്തുക്കളിലൊക്കെ മായം കലരുന്നത് നിയമംകൊണ്ട് നിരോധിക്കണമെന്നു പറഞ്ഞു. അതിൽ ഏറ്റവും വിഷമായ, നമ്മുടെ മുഖത്തുനോക്കി ചിരിക്കുന്ന ചിരിയിൽ, കാണുന്ന മായത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ: ഹൃദയശുദ്ധിയില്ലാത്ത ചിരി, കാണുമ്പോൾ മാത്രം ആളുകളെ നമ്മൾ സോപ്പിടുന്ന പച്ച രാഷ്ട്രീയക്കാരുടെ ചിരി, അതാണ് ഏറ്റവും അപകടകരമായ കാര്യം. ആ മായത്തിന് അവർക്ക് ഏറ്റവും വലിയ ദൈവശിക്ഷതന്നെ കിട്ടും. സ്നേഹത്തോടുകൂടിയുള്ള ചിരി നല്ലതാണ്. ബഹുമാന്യയായ മാഡത്ത് സരളാദേവിയെപ്പോലെ ചിരിക്കുന്നത് നല്ലതാണ്, പക്ഷേ ഹൃദയത്തിൽ തട്ടിയ ചിരി മാത്രമേ യാഥാർത്ഥ്യമാവുകയുള്ളൂ:

Mr. Deputy Speaker: Please conclude. Your time is over.

ശ്രീ. ഉമേഷ് ചള്ളിയിൽ: സർ, Hard liquor consumption മലയാളികൾക്ക് കൂടിവരികയാണ്. ശ്രീ. ടി. എൻ. പ്രതാപൻ ഇവിടെ മദ്യത്തിലുള്ള വിഷാംശത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. എനിക്ക് I.S.I. (Indian Standard Institute) Specification ഉള്ള ആരോഗ്യത്തിന് ഹാനികരമല്ലാത്ത മദ്യം, freedom from harmful ingredients —എന്ന മദ്യത്തെക്കുറിച്ച് പറയുന്നുണ്ട്. മലയാളിയുടെ തനതായിട്ടുള്ള മദ്യം, വാറ്റിയെടുക്കുന്ന മദ്യം അത് വിപണനം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ, അത് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. എൻ. പ്രതാപൻ: എന്റെ അഭിപ്രായം ഞാൻ തുറന്നു പറയുകയാണ്. കേരളത്തിൽ ഒരു മദ്യവും വേണ്ട. സമ്പൂർണ്ണമായ മദ്യനിരോധനമുണ്ടാകണമെന്നാണ് എന്റെ അഭിപ്രായം. ഒരു തരത്തിലുള്ള മദ്യവും ഇവിടെ പാടില്ല. ഏറ്റവും അപകടകരമാണ് മദ്യം, മദ്യം വിൽക്കുന്നതും വിളമ്പുന്നതും കൊടുക്കുന്നതും.....

Mr. Deputy Speaker: Please resume your seat.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഞാൻ കൺക്ലൂഡ് ചെയ്യാം. അതുകൊണ്ട് അതീവ ഗുരുതരമായ, പൊതുജനങ്ങളെ ബാധിക്കുന്ന ആരോഗ്യ പ്രശ്നങ്ങളുള്ളവ, പരിസ്ഥിതി പ്രശ്നങ്ങളുള്ളവ, പ്ലാസ്റ്റിക് മാലിന്യങ്ങളുൾപ്പെടെ, പരമാലിന്യങ്ങളുൾപ്പെടെയുള്ളവ നിരോധിക്കുന്നതിന് അതീവ പ്രാധാന്യമുള്ള ഒരു നിയമം, ഒരു unified Act നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവരണം. അതിനുവേണ്ടി ശ്രമിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. മോഹൻ കുമാർ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. മായത്തെക്കുറിച്ചാണ് പ്രമേയം. മായാമയവും മാരകവുമായ ഒരു കാലഘട്ടത്തിലൂടെയാണ് നമ്മളിന്ന് കടന്നുപോയിക്കൊണ്ടിരിക്കുന്നത്. എന്റെ സുഹൃത്ത് ശ്രീ. എം. എ. വാഹിദ് രാഷ്ട്രീയ മാലിന്യത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വളരെ പ്രസക്തമായ ഒരു പരാമർശമാണ് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. കേരളം സമരതീഷ്ണമായ നിരവധി കാലഘട്ടങ്ങളിൽക്കൂടി കടന്നുവന്ന ഒരു സംസ്ഥാനമാണ്. നമ്മുടെ സാമൂഹ്യ ബോധത്തിലും നമ്മുടെ സമരാവബോധത്തിലും മായം കലർന്നോ എന്ന് സന്ദേഹിക്കേണ്ട ഒരു സാഹചര്യമാണ് ഇന്നലെ തലസ്ഥാന നഗരിയിലുണ്ടായത്. പൊതുമുതൽ നശിപ്പിക്കില്ല എന്ന വാഗ്ദാനം ഈ സഭയുടെ മുമ്പാകെ ആവർത്തിച്ച് അവതരിപ്പിക്കപ്പെട്ടതിന്റെ അനുരണനങ്ങൾ ഇപ്പോഴും ഈ സഭയിലുണ്ട്. ഇന്നലെ സമരം നടത്തിയത് വിദ്യാഭ്യാസ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ടായിരുന്നു. പക്ഷേ വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തിക്കൊണ്ട് മാനസികാരോഗ്യ കേന്ദ്രത്തിന്റെ, ഒരു ആതുര ശുശ്രൂഷാ കേന്ദ്രത്തിന്റെ വാഹനംതന്നെ തീ കത്തിച്ച് നശിപ്പിക്കപ്പെട്ട ദുഃഖകരമായ സാഹചര്യം ഇന്നലെ ഈ തലസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

നഗരിയിലുണ്ടായി. മാനസികനില തെറ്റിപ്പോയവർ, ഭ്രാന്തന്മാർ എന്ന തെറ്റായ പദം ഉപയോഗിച്ച് വിവക്ഷിക്കപ്പെടുന്നവർ, അവരെ ആശുപത്രിയിലേക്ക് കൊണ്ടുപോകേണ്ട വാഹനങ്ങൾ തീകത്തിച്ച് നശിപ്പിച്ചത് മാനസികനില തെറ്റിയവരാണോ? അതോ സമരബോധത്തിലും സാമൂഹ്യബോധത്തിലും ബോധപൂർവ്വം മായം കലർത്തിയവരാണോ ഇത് ചെയ്തതെന്ന് നമുക്ക് ദുഃഖത്തോടുകൂടി ആലോചിക്കേണ്ട ഒരു സാഹചര്യമുണ്ടായി. എന്തായാലും സഭയിൽ ഇന്ന് അംഗബലം കുറവാണ്, ഇതുസംബന്ധിച്ച് പ്രതിരോധിക്കേണ്ട, പ്രതികരിക്കേണ്ട, ബാധ്യതയുള്ളവരില്ലാത്തതുകൊണ്ട് അക്കാര്യത്തെക്കുറിച്ച് ദീർഘമായി പ്രതിപാദിച്ചുപോകാൻ ഞാൻ ഈ സന്ദർഭം പ്രയോജനപ്പെടുത്തുന്നില്ല. ഇവിടെ ശ്രീ. ടി. എൻ. പ്രതാപൻ മാതൃത്വത്തിൽ അല്ലെങ്കിൽ മുലപ്പാലിൽപ്പോലും മായം കലർത്തുന്നതിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ടായിരുന്നു.

ശ്രീ. തന്വാനൂർ രവി: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ വളരെ പ്രസക്തമായ കാര്യമാണ് പറഞ്ഞത്. ഇവിടെ ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കലാണ് പ്രമേയത്തിന്റെ സബ്ജക്ട്. പക്ഷേ അങ്ങ് മനുഷ്യന്റെ പൊതുവായ സ്വഭാവത്തിൽ മായം കലർന്നു എന്നിവിടെ പറയുകയുണ്ടായി. മനുഷ്യന്റെ സ്വഭാവത്തിൽ ഈ അടുത്ത കാലത്ത് മായം വളരെയധികം കലരുകയാണ്. അതിന് എന്തെങ്കിലും പ്രതിവിധി അങ്ങേയ്ക്ക് നിർദ്ദേശിക്കാനുണ്ടോ?

ശ്രീ. കെ. മോഹൻ കുമാർ: വിവിധ തരത്തിലുള്ള മനുഷ്യരെ സംബന്ധിച്ച് നമുക്ക് അറിവുള്ളതാണ്. ഒരു പൊതുസമൂഹത്തിന്റെ പേരിൽ അതല്ലെങ്കിൽ ഒരു രാഷ്ട്രീയ ദർശനത്തിന്റെ പേരിൽ, വ്യക്തിപരമായ കാഴ്ചപ്പാടുകളുടെ പേരിൽ, വ്യക്തിപരമായ കടപ്പാടുകളുടെ പേരിലൊക്കെത്തന്നെ മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളും സാമൂഹ്യ പ്രസ്ഥാനങ്ങളും ശ്രദ്ധിക്കേണ്ടതായ ഒരു കാര്യം, അതേക്കുറിച്ചാണ് ബഹുമാന്യനായ തന്വാനൂർ രവി ഇവിടെ സൂചിപ്പിച്ചത്. തീർച്ചയായും നമ്മുടെ വളരുന്ന തലമുറയും ഈ സമൂഹവുമൊക്കെത്തന്നെ ഇത്തരം മാലിന്യങ്ങളും മായവുമൊക്കെ കലരാതെ കാത്തുസൂക്ഷിക്കേണ്ടതായ ചുമതലകൾ ഏറ്റെടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ശ്രീ. എ. കെ. മണി: സർ, മനുഷ്യന്റെ സ്വഭാവം മാറിക്കൊണ്ടിരിക്കുന്നതിനെപ്പറ്റിയാണ് ബഹുമാനപ്പെട്ട അംഗം പ്രസംഗിക്കുന്നത്. എനിക്ക് ഒരു സംശയമുണ്ട്, ഇപ്പോൾ പശുവിന്റെ പാൽ ഉപയോഗിക്കുന്നത് കുറവാണ്. എരുമപ്പാലാണ് മനുഷ്യർ ഇപ്പോൾ കൂടുതലും ഉപയോഗിക്കുന്നത്. അതുകൊണ്ടാണോ നമ്മുടെ സ്വഭാവം മാറാൻ കാരണമെന്നുള്ളത് പരിശോധിക്കുമോ?

ശ്രീ. കെ. മോഹൻ കുമാർ: അതിനുള്ള സാദ്ധ്യത നിരാകരിക്കുന്നില്ല. ഇവിടെ ബോബി റഡ്ഡുകളുടെ കാര്യം സൂചിപ്പിച്ചു. മിണ്ടിത്തുടങ്ങുന്ന പിഞ്ചിളം ചുണ്ടുകളിലേക്ക് മാതൃത്വത്തിന്റെ മാധുര്യമായ മുലപ്പാൽ ഇന്നിപ്പോൾ പല കാരണങ്ങളാലും നമ്മുടെ ബഹുമാന്യരായ സഹോദരിമാർ അല്ലെങ്കിൽ മാതൃത്വത്തിലേക്ക് കടന്നെത്തുന്ന പലരും, അവർ പല പ്രചരണത്തിന്റെയും ഫലമായിട്ടായിരിക്കാം വ്യാപാര കുത്തകകളുടെ കൗശലങ്ങളിൽ വീണതുകൊണ്ടായിരിക്കാം കുഞ്ഞുങ്ങളുടെ ആ മൗലികമായ അവകാശത്തെ നിഷേധിക്കുകയാണ്. അതുകൊണ്ടുണ്ടാകുന്ന മാരകമായ വിപത്തുക്കളെക്കുറിച്ച് ലോകാരോഗ്യ സംഘടന തന്നെ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. പലപ്പോഴും ബോബി റഡ്ഡുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

കവരുന്ന മായവും മാറിനൃങ്ങളും ദീർഘകാലമായി നിലനിൽക്കുന്ന ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി ശാസ്ത്രീയമായ പഠനങ്ങളിൽ തന്നെ തെളിഞ്ഞിട്ടുണ്ട്. പിവ ബോബി റുഡ് കമ്പനികളെ നിരോധിക്കണമെന്ന ആവശ്യം ലോക വ്യാപകമായി ഉയരുകയും ബോബി റുഡ് മുതൽ ഏറ്റവും ഒടുവിൽ പാർലമെന്റിന്റെ സഭകളെ ഇളക്കിയ ശവപ്പെട്ടി കുംഭകോണം വരെ. (കാർഗിൽ മലനിരകളിൽ മരിച്ചുവീണ ധീരഭടന്മാരുടെ മൃതശരീരങ്ങൾ സൂക്ഷിക്കുന്നതിനുവേണ്ടി വിദേശങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത ശവപ്പെട്ടി വരെ) ബോബി റുഡ് മുതൽ ശവപ്പെട്ടി വരെ നീളുന്ന ശൃംഖല, മായത്തിന്റേതായ ശൃംഖല ഈ കാലഘട്ടത്തിലെ ഒരു വൈരുദ്ധ്യമായി നമ്മുടെ മുമ്പിൽ നിൽക്കുന്നു. ഇന്ന് ഒരു ശുഭദിനമാണെന്ന് ഞാൻ കരുതുന്നു. ബഹുമാന്യനായ ശ്രീ. എം. എം. വർഗ്ഗീസ് ഈ സഭയിൽ ഒരു പ്രമേയം പാസ്സാക്കാൻ ഇന്ന് അനുമതി കൊടുത്തിരിക്കുന്നു. പുരാണത്തിൽ ഒരുപാടൊരുപാട് ശിശുക്കളെ ആവർത്തിച്ചാവർത്തിച്ച് കൊലപ്പെടുത്തുന്ന കംസനെക്കുറിച്ചുള്ള ഒരു പരാമർശമുണ്ട്. അദ്ദേഹം ഒരു കംസനല്ല, ബില്ലുകളെ, പ്രമേയങ്ങളെ തുടരെത്തുടരെ കൊല ചെയ്യുന്ന ഒരു കംസനല്ലെന്ന് തെളിയിക്കാൻ ബഹുമാന്യനായ എം. എം. വർഗ്ഗീസിന് ഒരവസരം കിട്ടിയതിൽ എനിക്ക് ആഹ്ലാദമുണ്ട്. തീർച്ചയായും ശ്രീ. പ്രയാർ ഗോപാലകൃഷ്ണന്റെ പ്രമേയത്തോട് കാണിച്ച ഒരു പ്രതിബദ്ധതതന്നെ ഇവിടെ ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർക്കുവേണ്ടി ബഹുമാന്യനായ എന്റെ സുഹൃത്ത് ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച വളരെ കാലികമായ ഈ പ്രമേയത്തോടും അദ്ദേഹം കാണിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ബോബി റുഡിന്റെ കാര്യം മുതൽ ഞാനിവിടെ സൂചിപ്പിച്ചതുപോലെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും വാളം മാത്രം വാക്കാക്കിക്കൊണ്ട് കാണിക്കുന്ന ഈ വഞ്ചനകൾക്കെതിരെ, തനിനിറകൾക്കെതിരെയും സമൂഹത്തിനെതിരെയുമുള്ള വഞ്ചനയ്ക്കെതിരെ സർക്കാർ നിയമ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെടുന്ന ഈ പ്രമേയത്തിൽ പരിസ്ഥിതിക്ക് പ്രാധാന്യം നൽകിക്കൊണ്ട് പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുകൂടി ശ്രീ. ടി. എൻ. പ്രതാപൻ ഇവിടെ അവതരിപ്പിച്ച പ്രമേയത്തിൽ കാര്യമായി പ്രതിപാദിക്കുന്നുണ്ട്. ഞാൻ ഈ പ്രമേയത്തെക്കുറിച്ച് സംസാരിക്കുമ്പോൾ ഇന്നത്തെ നിയമ സംവിധാനത്തിലെ അപര്യാപ്തതയെക്കുറിച്ചുകൂടി ഒരു വാക്കു സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ഗവൺമെന്റിന് ആ കാര്യത്തിൽ കാര്യമായ പലതും ചെയ്യാനുണ്ട്.

ശ്രീ. തനിമാനൂർ രവി: ബില്ലിനെയെല്ലാം കൊല്ലുന്ന ജോലിയാണ് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രിക്ക് ഉള്ളതു് എന്ന് അങ്ങ് പറഞ്ഞു. അദ്ദേഹം കംസത്തിന്റെ റോൾ ചെയ്യുന്ന ഈ സാഹചര്യത്തിൽ അദ്ദേഹത്തിന്റെ പേര് മാറ്റി എം.എം. വർഗ്ഗീസ് പകരം എം. എം. കംസൻ എന്ന് ആക്കിയാലോ?

ശ്രീ. കെ. മോഹൻകുമാർ: അങ്ങനെ ബില്ലിൽ മായം ചേർക്കേണ്ട ക്രൂരത ഒരു കാരണവശാലും നമ്മുടെ ഈ സഭയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ട കാര്യമില്ല. അദ്ദേഹം കംസൻ അല്ല എന്ന് അദ്ദേഹം തെളിയിക്കുകയാണുണ്ടായത് എന്നാണ് ഞാൻ സൂചിപ്പിച്ചത്. കംസം ചെയ്യേണ്ടതായ പല ദൗത്യങ്ങളും അദ്ദേഹം വളരെ സമർത്ഥമായി കേരള രാഷ്ട്രീയ രംഗത്ത് നിർവ്വഹിക്കുന്നതായി പല തിന്നാമ്പുറങ്ങളിലും കേൾക്കുന്നുണ്ട്. അദ്ദേഹത്തിന് റിയോജിപ്പില്ലെങ്കിൽ ആ പേര് അന്വർത്ഥമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അതൊന്നും ശരിയല്ല. പ്രമേയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മോഹനൻ കുമാർ: ഞാൻ പറയുന്നത് നിയമനിർമ്മാണങ്ങളെക്കുറിച്ചാണ്. കേരളത്തിലെ പ്രിവൻഷൻ ഓഫ് ഫുഡ് അഡൽറ്ററേഷൻ നിയമം ആയാലും വിവിധങ്ങളായ വസ്തുക്കളിൽ മായം കലർത്തുന്നവരെ നേരിടേണ്ടതായ നിയമം ആയാലും ഈ നിയമങ്ങൾ പ്രയോഗത്തിൽ വരുത്തുന്നതായി പോകുന്ന ഒരു ദുരവസ്ഥയുണ്ട്. ഇവിടെ മായം ചേർക്കുന്ന സാമൂഹ്യ ദ്രോഹികളെയും സമൂഹത്തെ ദുരിതകയങ്ങളിലേക്ക് മുക്കി ആഴ്ത്തുന്നവരെയും കർശനമായ കൈകാര്യം ചെയ്യുന്നതിന് കോടതികളിലെ കാലവിളംബം വലിയ തടസ്സമായി നിൽക്കുകയാണ്. ഫാസ്റ്റ് ട്രാക്ക് കോടതികളെക്കുറിച്ചും സ്പീഡ് കോടതികളെക്കുറിച്ചുമൊക്കെ തന്നെ പല പരാമർശങ്ങളും നിയമ പ്രാബല്യത്തോടുകൂടി സാർത്ഥകമാക്കുന്ന ഈ കാലയളവിൽ ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നവരെ, കോടതികളിലെ കാലവിളംബം ഉപയോഗപ്പെടുത്തിക്കൊണ്ട് അവർക്ക് രക്ഷപ്പെടാനുള്ള സാഹചര്യം നാം തന്നെ അനുവദിച്ചു കൊടുക്കണോ എന്ന് ആലോചിക്കണം. എന്തുകൊണ്ട് മായം ചേർക്കുന്നവരെ പറ്റുസമായ കാലയളവിനുള്ളിൽ ശിക്ഷിച്ചുകൂടാ? 30 ദിവസം 40 ദിവസം എന്നൊന്നും പറയുന്നില്ല. പക്ഷേ ഒരു ആറു മാസങ്ങൾക്കുള്ളിൽ മാതൃകാപരമായി അവർക്ക് അർഹമായ ശിക്ഷ നൽകി, മേലിൽ ആരും തെറ്റ് ആവർത്തിക്കാൻ ധൈര്യം കാണിക്കാത്ത വിധത്തിലുള്ള ശിക്ഷ നൽകുന്നതിന് നിയമനടപടികൾ നമുക്ക് കാലോചിതമായി പരിഷ്കരിച്ചുകൂടേ? ഇവിടെ അവതരിപ്പിക്കപ്പെട്ട പ്രമേയത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പറയാൻ പല കാരണങ്ങളാലും ഞാൻ തുനിയുന്നില്ല. പരിസ്ഥിതിയെക്കുറിച്ച് ഒരു വാക്ക് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്നലെ ഇവിടെ നമ്മുടെ വൈബ്രറിയിൽനിന്നും വായിക്കാനെടുത്ത ഒരു പ്രസിദ്ധീകരണത്തിൽ പറയുന്നത് നമ്മുടെ ലോകത്തിലെ ഊഷ്മാവിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വ്യതിയാനങ്ങളെക്കുറിച്ചാണ്. ഹിമാലയത്തിലേയും അന്റാർട്ടിക്കയിലേയും ഒക്കെ ഹിമശീതളമായ മേഖലകളിൽ നിന്ന് മഞ്ഞ് ഉരുകി സമുദ്രത്തിലെ ജലവിതാനം ഉയരുന്നതുകൊണ്ട് പുതിയ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടായി വരുമ്പോൾ, ആലപ്പുഴ പോലെ, ഇവിടെയിരിക്കുന്ന ബഹുമാന്യരായ സാമാജികരുടെ നിയമസഭാ മണ്ഡലങ്ങളിലെ പ്രധാനപ്പെട്ട പ്രദേശങ്ങൾ മുഴുവൻ മുങ്ങിപ്പോകാൻ സാദ്ധ്യതയുള്ളതായി ഒരു പഠന വിവരം ഞാൻ വായിക്കാൻ ഇടയായി. കടൽത്തീരത്തുള്ള നിയോജകമണ്ഡലത്തിലൊക്കെയുള്ള പരിസ്ഥിതി പ്രശ്നങ്ങൾ കാരണം പല പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങളേയും മുക്കിക്കളയാൻ സാദ്ധ്യതയുള്ളതായിട്ടാണ് പഠനങ്ങൾ വെളിവാക്കുന്നത്. പരിസ്ഥിതിക്കും അതിന്റേതായ പ്രാധാന്യം ഉണ്ട്. ഈ പ്രമേയത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് അതിനെ അംഗീകരിച്ചുകൊണ്ട് നിയമനിർമ്മാണം നടത്താൻ കേരള ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നമ്മുടെ നിയമ സംവിധാനം ഉപയോഗിച്ച് മായം ചേർക്കുന്നവർക്ക് മാതൃകാപരമായ ശിക്ഷ ചുരുങ്ങിയ കാലയളവിൽത്തന്നെ കിട്ടും എന്ന് ഉറപ്പാക്കിക്കൊണ്ട് ഈ പ്രമേയത്തിനോട് നീതി പുലർത്താൻ സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ബഹുമാനപ്പെട്ട രാമചന്ദ്രൻ മാസ്റ്റർക്കുവേണ്ടി ശ്രീ. പ്രതാപൻ അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. അദ്ദേഹം അത് വളരെ ഭംഗിയായി അവതരിപ്പിച്ചു. എല്ലാ മേഖലയും മായം കൊണ്ട് മൂടപ്പെട്ടിരിക്കുകയാണ്. മായം മായം സർവ്വത്ര, തുള്ളി കുടിക്കാൻ ഇല്ലത്രേ എന്ന അവസ്ഥയിലല്ലേ നമ്മുടെ ലോകം എത്തിയിരിക്കുന്നത്? ഇവിടെ ശ്രീ. എ. കെ. മണി ചോദിച്ചത് പശുവിൻ പാലിനു പകരം എരുമപ്പാൽ കുടിക്കുന്നതുകൊണ്ടാണോ സ്വഭാവം മാറുന്നതെന്നാണ്. പണ്ടുകാലങ്ങളിൽ മുലപ്പാൽ കുടിച്ച് മനുഷ്യനായി വളർന്ന സ്ഥാനത്ത് പശുവിന്റെ പാൽ കുടിച്ച് മൃഗമായി

LIBRARY ARCHIVES Kerala Legislative Assembly

വളരുന്നതുകൊണ്ടാണ് ഇങ്ങനെയൊരു മാറ്റം എന്ന് ഞാൻ അങ്ങയെ അറിയിക്കുകയാണ്. ഇത് വളരെ പ്രധാനപ്പെട്ട ഒരു പ്രമേയമാണ്. സാധാരണ ഫ്രൈഡേ എന്നത് തെറ്റിദ്ധരിച്ചു കൊണ്ട് എല്ലാ പ്രമേയങ്ങളും ബില്ലുകളും ഫ്രൈ ചെയ്യുന്ന ഡേ ആക്കി മാറ്റുന്ന ശ്രീ. എം. എം. ഹസ്സൻ ഈ ഫ്രൈഡേ ഫ്രൈ ചെയ്യാത്ത ഡേ ആക്കി മാറ്റിയതിൽ ഞാൻ അദ്ദേഹത്തെ അനുമോദിക്കുകയാണ്. ഈ പ്രമേയവും അതുപോലെ ഫ്രൈ ചെയ്യാതെ പാസ്സാക്കിത്തരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ മൊത്തത്തിൽ കുടിവെള്ളം മുതൽ ഉപയോഗിക്കുന്ന എല്ലാ സാധനങ്ങളിലും മായം ചേർത്തിരിക്കുകയാണ്. കോക്കകോള മായം കലർന്നതാണ്. ഏതായാലും അതിന്റെ പെർമിറ്റ് നിരോധിച്ചു. ഇങ്ങനെയുള്ള വിഷാംശം അടങ്ങുന്ന പാനീയങ്ങൾ കേരളത്തിൽ നിരോധിക്കണമെന്ന് അഭ്യർത്ഥിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. നമ്മൾ രാവിലെ ഉപയോഗിക്കുന്ന പേസ്റ്റിൽ തുടങ്ങുന്നു മായം. നമ്മൾ വീട്ടിൽ നിന്ന് ഇറങ്ങുമ്പോൾ ശുദ്ധമായ വായു നമുക്ക് ശ്വസിക്കാൻ കഴിയുന്നില്ല. കാർബൺ മോണോക്സൈഡ് അടങ്ങിയ പുക നിറഞ്ഞ വണ്ടികൾ പുറത്തേയ്ക്ക് വിടുന്ന പുകയും ശ്വസിച്ചുകൊണ്ടാണ് നമ്മൾ യാത്ര ചെയ്യുന്നത്. മാത്രമല്ല, നമ്മൾ കഴിക്കുന്ന ഭക്ഷണത്തിൽ മൊത്തം മായമാണ്. കാർബൈഡ് എന്ന വാതകം സ്പ്രേ ചെയ്തുകൊണ്ടാണ് മാങ്ങയുടേയും ഓറഞ്ചിന്റേയും മുന്തിരിയുടേയും ഒക്കെ നിറം കൂട്ടുന്നത്. വാസ്തവത്തിൽ ഇത് വളരെ ഗൗരവമായി കാണേണ്ട ഒരു വിഷയമാണ്. ഇത് വളരെ വ്യാവഹാരത്തോടെ കണ്ടാൽ പോരാ. അതുപോലെ ഭക്ഷണ സാധനങ്ങൾ വളരെ സുരക്ഷിതവും പോഷകഘടകമുള്ളതുമാണെന്ന് ഉറപ്പുവരുത്തുക എന്നത് വികസ്വര രാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം വലിയ ഒരു പ്രശ്നമായി മാറിയിരിക്കുകയാണ്. സൂപ്പർ മാർക്കറ്റുകളിൽ വരുന്ന സാധനങ്ങളിലെ പാക്കറ്റുകളിൽ ഉപയോഗിക്കുന്ന അലൂമിനിയം ഫോയിൽ പേപ്പർ അടക്കം പാക്കിംഗിന് ഉപയോഗിക്കുന്ന വസ്തുക്കളിൽ നിന്ന് ഭക്ഷണ സാധനങ്ങളിൽ രാസപദാർത്ഥങ്ങൾ കലരുകയും മാസങ്ങളോളം അങ്ങനെ വച്ചിരിക്കുന്നതുമൂലം അതിൽ രാസപ്രവർത്തനങ്ങൾ നടന്ന് ഭക്ഷ്യവസ്തു വിഷാംശമുള്ളതായി മാറുകയും ചെയ്യുന്നു. ഭക്ഷണ പദാർത്ഥങ്ങളിൽ അത്തരത്തിൽ രാസവസ്തുക്കൾ കലരുന്നതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. അത് വളരെ ഗൗരവമായി കാണേണ്ടതാണ്. അതുപോലെ തന്നെ പ്ലാസ്റ്റിക് കുപ്പികളിൽ ലഭിക്കുന്ന വെള്ളം — അത് നിയമസഭാ കമ്മിറ്റി തന്നെ പരിശോധിച്ചതിൽ നിന്നും തെളിഞ്ഞിട്ടുള്ളതാണ് — വെള്ളത്തിന് ആളുകൾ ഡീസലിനേക്കാളും പെട്രോളിനേക്കാളും വില കൊടുത്തു വാങ്ങുന്ന അവസ്ഥയാണുള്ളത്. നമ്മൾ യാത്ര ചെയ്യുമ്പോൾ വാങ്ങുന്ന പ്ലാസ്റ്റിക് ബോട്ടിലിൽ നിറച്ച വെള്ളത്തിൽ മുഴുവനും അണുക്കൾ നിറഞ്ഞതാണ്. ഇത് കണ്ടെത്തിയതിനെത്തുടർന്ന് പല നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ഐ.എസ്.ഐ. ട്രേഡ് മാർക്കുള്ളത് നോക്കി വാങ്ങേണ്ട അവസ്ഥയിലേക്ക് വന്നിരിക്കുകയാണ്. പ്രത്യേകിച്ചും മിനറൽ വാട്ടർ, അതുപോലെ കേരളത്തിൽ പാമോയിലിന് പകരം വെളിച്ചെണ്ണ ഇഷ്ടം പോലെ ഇറക്കുമതി ചെയ്യുകയാണ്. യന്ത്രങ്ങൾ ഉപയോഗിച്ച് ഉണ്ടാക്കുന്ന വെളിച്ചെണ്ണയിൽ യന്ത്രങ്ങളിൽ തന്നെ പാമോയിൽ ഒഴിച്ച് ഒരിക്കലും മനസ്സിലാകാത്തവിധം കൃത്രിമം വ്യാപകമായി നടന്നുകൊണ്ടിരിക്കുകയാണ്. വിഷാംശമുള്ള ഓയിൽ മറ്റു സ്റ്റേറ്റുകളിൽനിന്നും നേരിട്ട് ഇടപെട്ട് ഇറക്കുകയാണ്. അത് കേരളത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ഈ കാര്യം ഗവൺമെന്റ് ഗൗരവമായി കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ ഹോട്ടലുകളിൽനിന്ന് ഭക്ഷണം വാങ്ങിക്കുമ്പോൾ അജിനോമോട്ടോ ഇല്ലാത്ത ഭക്ഷണമില്ല. ഭക്ഷണം രുചികരമാക്കുന്നതിനുവേണ്ടി അജിനോമോട്ടോ ഉപയോഗിക്കുന്നതുമൂലം ഉദരരോഗം

LIBRARY ARCHIVES Kerala Legislative Assembly

അടക്കമുള്ള മാരകമായ രോഗങ്ങൾ പിടിപെട്ട ഒട്ടേറെ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതുപോലെതന്നെ മത്സ്യം ചീയാതിരിക്കാൻ അമോണിയ ചേർക്കുന്നു. അതുപോലെ അരി, വിലകുറഞ്ഞ അരി മൈസൂരിൽ നിന്ന് കൊണ്ടുവന്ന് ചുവന്ന മണ്ണും കളറും ചേർത്തുകൊണ്ട് മട്ട അരിയാക്കി പാലക്കാടൻ മട്ട എന്ന് അറിയപ്പെടുന്ന രീതിയിൽ വ്യാപകമായി വിതരണം ചെയ്തുകൊണ്ടിരിക്കുന്ന അവസ്ഥാവിശേഷമാണ് ഇപ്പോൾ നിലവിലുള്ളത്. അങ്ങനെ വിലകുറഞ്ഞ അരിയെ വ്യാപകമായി മട്ട അരിയാക്കിക്കൊണ്ടിരിക്കുന്ന പ്രവണത ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. മൂന്ന് വർഷം മുമ്പ് എഫ്.സി.ഐ. ഗോഡൗണിൽ സ്റ്റോക്കുണ്ടായിരുന്ന തമിഴ്നാട്ടിലെ അരി കേരളത്തിൽ കൊണ്ടുവന്ന് പുഴുവും മറ്റും ധാരാളമായി അതിലുണ്ടായിരുന്നത് നശിപ്പിക്കാൻവേണ്ടി കീടനാശിനി തളിച്ച്, അത് നശിപ്പിച്ച്, വിതരണം ചെയ്യുന്നു എന്നു പറഞ്ഞാൽ മൊത്തം വിഷമായിരിക്കുകയാണ്. അങ്ങനെ വിതരണം ചെയ്യുന്ന അവസ്ഥാവിശേഷം നമ്മുടെ നാട്ടിലുണ്ട് എന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കണം. മാത്രമല്ല, പച്ചക്കറിയുടെ കാര്യം, ഇപ്പോൾ മരുന്ന് അടിക്കാത്ത പച്ചക്കറി കിട്ടാനില്ല. ഇപ്പോൾ ഇറച്ചിയും മാംസവും മത്സ്യവുമൊക്കെ ഒഴിവാക്കി കൊളസ്ട്രോൾ കുറയ്ക്കുന്നതിന് വേണ്ടി പലരും പച്ചക്കറിയാണ് ഉപയോഗിക്കുന്നത്. മാംസത്തിലേതിനേക്കാൾ വിഷാംശം കൂടുതൽ പച്ചക്കറിയിലാണ്. കാരണം നേരിട്ട് മരുന്ന് തളിക്കുന്നതുകൊണ്ട് പല പച്ചക്കറികളും വിഷാംശം നിറഞ്ഞതാണ്. എനിക്ക് ഓർമ്മ വരുന്നത് ഒരു കഥയാണ്. അതായത് പണ്ട് ഒരാൾക്ക് ജീവിതത്തോട് വളരെയധികം നിരാശ ബാധിച്ച് അയാൾ ആത്മഹത്യ ചെയ്യാൻ തീരുമാനിച്ചു. അദ്ദേഹം മാർക്കറ്റിൽ പോയി വിഷം വാങ്ങി. വിഷം വാങ്ങി കഴിച്ചപ്പോൾ അദ്ദേഹം മരിച്ചില്ല. കാരണം അതിൽ മായം ചേർത്തിരുന്നു. ഇനി ജീവിക്കാൻ എനിക്ക് കഴിയില്ല എന്ന് വിചാരിച്ച് ജീവിതം അവസാനിപ്പിക്കാൻ തീരുമാനിച്ചപ്പോൾ വിഷത്തിൽ മായമായതുകൊണ്ട് വിഷം കഴിച്ചിട്ടും മരിക്കാൻ കഴിഞ്ഞില്ല. അങ്ങനെ ഏതായാലും ജീവിച്ചുകളയാം എന്നുകരുതി അവിടെ അടുത്തുള്ള ഒരു ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ചു. ഭക്ഷണം കഴിച്ച് അര മണിക്കൂറിനുള്ളിൽ അദ്ദേഹം മരിച്ചുപോയി. അവിടത്തെ ഭക്ഷണത്തിൽ മായമായിരുന്നു. അങ്ങനെ മരിക്കണമെന്ന് ആഗ്രഹിച്ചപ്പോൾ മരിക്കാതിരിക്കുകയും ജീവിക്കണമെന്ന് ആഗ്രഹിച്ചപ്പോൾ ജീവിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥാവിശേഷം ഉണ്ടാകുകയും ചെയ്യുന്നതാണ് നമ്മുടെ നാടുകളിൽ കാണുന്നത്.

<u>ശ്രീ. ടി. എൻ. പ്രതാപൻ:</u> ശ്രീ. മമ്മൂട്ടി, അജിനോമോട്ടോയെ കുറിച്ച് പറഞ്ഞപ്പോൾ പ്രധാനപ്പെട്ട ഒരു കാര്യം പറയാൻ വിട്ടുപോയി. ഇന്ന് നമ്മുടെ ഹോട്ടലുകളിൽ കിട്ടുന്ന ചൈനീസ് ഫുഡ്ഡിൽ ഇതുണ്ട്. ഇന്ന് എല്ലാ ഹോട്ടലുകളിലും കിട്ടുന്നത് ചൈനീസ് ഫുഡ്ഡാണ്. ഈ അജിനോമോട്ടോ എന്നുപറയുന്നത് മോണോസോഡിയം ഗ്ലൂട്ടാമേറ്റ് എന്ന അതിഭീകരമായ ഒരു രാസപദാർത്ഥമാണ്. സ്ഥിരമായി ചൈനീസ് ഭക്ഷണം കഴിച്ചാൽ ബുദ്ധിമാന്ദ്യം വരും. ലോകത്തിലെ എല്ലാ രാജ്യങ്ങളും ഈ അജിനോമോട്ടോ ചേർത്ത ഭക്ഷണം നിരോധിച്ചിരിക്കുകയാണ്, അത് ബഹുമാനപ്പെട്ട മമ്മൂട്ടിക്ക് അറിയുമോ?

<u>ശ്രീ. സി. മമ്മൂട്ടി:</u> അങ്ങനെ ശ്വസിക്കുന്ന വായു പുകപടലങ്ങളുള്ളതും കുടിക്കുന്ന വെള്ളം വിഷാംശം കലർന്നതുമാണ്. ഹോട്ടലുകളിൽ കിട്ടുന്ന ഭക്ഷണങ്ങളിലടക്കം വിഷാംശമാണ്. പച്ചക്കറി കഴിക്കാമെന്ന് വച്ചാൽ പച്ചക്കറിയിലും മായം. അങ്ങനെ സർവ്വത്ര മായം ചേർത്ത മായാലോകത്ത് ജീവിക്കുന്ന നമ്മുടെ ഈ കേരളത്തിൽ അടിയന്തിരമായും

LIBRARY ARCHIVES Kerala Legislative Assembly

കർശനമായും മായം ചേർക്കൽ നിരോധിക്കുന്നതിനും ഇല്ലായ്മ ചെയ്യുന്നതിനും കർക്കശമായ ഒരു നിയമം കൊണ്ടുവരണമെന്നും ഈ പ്രമേയത്തെ പിൻതാങ്ങികൊണ്ട് ഇത് പാസ്സാക്കണമെന്നും, ഇതിനെ പ്രൈ ചെയ്യരുതെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, സമകാലിക യാഥാർത്ഥ്യങ്ങൾ കണക്കിലെടുക്കുമ്പോൾ വളരെയധികം സാമൂഹ്യ പ്രസക്തിയുള്ളതാണ് ശ്രീ. രാമചന്ദ്രൻ മാസ്റ്റർ നോട്ടീസ് നൽകിയതും ശ്രീ. പ്രതാപൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതുമായ ഈ പ്രമേയം. ഈ പ്രമേയത്തിന്റെ ചർച്ചയിൽ എന്നെ കംസൻ എന്നുവരെ വിശേഷിപ്പിച്ചു. കംസന് പോലും ഭഗവാൻ കൃഷ്ണനെ കൊല്ലാൻ സാധിച്ചില്ല. കാരണം അത്ര ശക്തിയുള്ളതുകൊണ്ടാണ്. ഞാൻ ആ പേര് സ്വീകരിക്കുകയാണ്. അതുകൊണ്ട് കംസനെ ഭഗവാൻ കൃഷ്ണന് കൊല്ലാൻ പറ്റാത്ത കഥയാണല്ലോ ഇവിടെ അനുസ്മരിച്ചത്. അതുകൊണ്ട് നല്ല പ്രമേയങ്ങൾ വന്നാൽ തീർച്ചയായിട്ടും അംഗീകരിക്കും. ഡബ്ല്യു.ടി.ഒ. പോലെ പ്രധാനപ്പെട്ട, കർഷകരെ ബാധിക്കുന്ന പ്രശ്നങ്ങളൊക്കെ വരുമ്പോൾ ഗവൺമെന്റ് അത് അംഗീകരിക്കും. ഇവിടെ ഈ പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത് അംഗീകരിക്കാൻ വളരെ ബുദ്ധിമുട്ടുള്ള രണ്ട് കാര്യങ്ങളാണ്. അതിന് "ഒരു പ്രത്യേക നിയമനിർമ്മാണം നടത്തണമെന്നും അതിനായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കണമെന്നും" ഈ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നുവെന്നാണ്. ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കപ്പെടുന്നത് ഇന്ന് വളരെ വ്യാപകമായിത്തീർന്നിരിക്കുന്നു. നമ്മുടെ വായു മലിനമാക്കപ്പെടുകയാണ്. പരിസ്ഥിതിയുടെ മലിനീകരണം നമ്മുടെ ചുറ്റുപാടുകളെ ജീവിതത്തിന് അനുയോജ്യമല്ലാതാക്കുകയാണ്. പച്ചക്കറികളിൽ രാസവസ്തുക്കളുടെ സാന്നിദ്ധ്യം രോഗങ്ങൾക്ക് വഴിയൊരുക്കുന്നുണ്ട്. ഉന്മാദദായകമെന്ന് കൊട്ടിഘോഷിക്കപ്പെടുന്ന ശീതളപാനീയങ്ങൾ വിഷലിപ്തമാണെന്നുള്ള അറിവ് ജനങ്ങളെ ഞെട്ടിക്കുന്നുണ്ട്. പണം കൊടുത്ത് വാങ്ങുന്ന ഔഷധങ്ങൾ പോലും പലപ്പോഴും കാലഹരണപ്പെട്ടതോ മായം ചേർക്കപ്പെട്ടതോ ആണെന്നുള്ളത് വഞ്ചിക്കപ്പെടുന്ന ഉപഭോക്താക്കൾ വൈകിയാണ് തിരിച്ചറിയുന്നത്. കൂൺ പോലെ മുളച്ചുപൊങ്ങുന്ന ഫാസ്റ്റ് ഫുഡ്ഡ് ബിസിനസ്സുകാർ ആഹാരത്തിന് നിറവും മണവും നൽകാൻ ചേർക്കുന്ന പല വസ്തുക്കളും ഉണ്ട്. പ്രതാപൻ അതിനെക്കുറിച്ച് അതിന്റെ പേരുകളൊക്കെ ഇവിടെ വിശദമായി പറഞ്ഞു. അതൊക്കെ വിഷമയമാണെന്നത് പരക്കെ ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ട് വരികയാണ്. കൊച്ചുകുഞ്ഞുങ്ങൾക്ക് അച്ഛനമ്മമാർ വാങ്ങിക്കൊടുക്കുന്ന ഐസ്ക്രീമിൽ പോലും വ്യാപകമായി മായം ചേർക്കുന്നുണ്ടെന്ന് മാതാപിതാക്കൾ അറിയുന്നില്ല. അഴുക്കുചാലുകളും ഡ്രെയിനേജുകളും കൂടി കലർന്ന് കുടിവെള്ളം പോലും മലിനമാക്കപ്പെട്ട് കോളറ പോലുള്ള സാംക്രമികരോഗങ്ങളും പൊട്ടിപ്പുറപ്പെടുന്നുണ്ട്. പുകയും മറ്റ് വസ്തുക്കളും കലർന്ന് മലിനമാക്കപ്പെട്ട വായു ശ്വസിക്കുന്നത് ശ്വാസകോശ രോഗങ്ങൾക്ക് കാരണമായിത്തീരുന്നുണ്ട്. ആരോഗ്യത്തിന് ഒഴിച്ചുകൂടാനാകാത്ത ആഹാരം പോലും കരുതലോടെ കഴിച്ചില്ലെങ്കിൽ അത് അപകടകരമാണെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മെമ്പർ പ്രതാപൻ പറഞ്ഞതുപോലെ നിയമങ്ങളുടെ അഭാവം കൊണ്ടല്ല ഇത്തരം കാര്യങ്ങൾ നടക്കുന്നത്. മായം ചേർക്കലും അന്തരീക്ഷ മലിനീകരണവും പരിസ്ഥിതി മലിനീകരണവും ഔഷധങ്ങളിൽ മായം ചേർക്കലും തടയുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള നിയമം ഇപ്പോൾത്തന്നെ പ്രാബല്യത്തിലുണ്ട്. 1954-ലെ കേന്ദ്ര ഭക്ഷ്യ മായം ചേർക്കൽ നിരോധന നിയമമനുസരിച്ചുള്ള കേരള മായം ചേർക്കൽ നിരോധന ചട്ടം 1957 മുതൽ നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ട്. ഈ നിയമമനുസരിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറെ സംസ്ഥാനത്ത് ഫുഡ്സ് ഹെൽത്ത് അതോറിറ്റിയായി നിയമിച്ചിട്ടുണ്ട്. ഫുഡ്സ് ഹെൽത്ത് അതോറിറ്റിയുടെ നിയന്ത്രണങ്ങളിൽ പഞ്ചായത്തുകളിൽ ജില്ലാ ഫുഡ്സ് ഇൻസ്പെക്ടർമാരും കോർപ്പറേഷൻ/മുനിസിപ്പൽ പ്രദേശങ്ങളിൽ ഹെൽത്ത് ഓഫീസറോ മുനിസിപ്പൽ സെക്രട്ടറിയോ ലോക്കൽ ഹെൽത്ത് അതോറിറ്റിയായും പ്രവർത്തിച്ചു വരുന്നുണ്ട്. ആഹാര വസ്തുക്കളുടെ സാമ്പിളുകൾ പരിശോധിക്കാനും നടപടി സ്വീകരിക്കാനും ഇവർക്ക് അധികാരമുണ്ട്. അതിനാവശ്യമായ നടപടി സ്വീകരിക്കാൻ ഇപ്പോൾത്തന്നെ നിയമം നിലവിലുണ്ട്. അതുപോലെതന്നെ 1957-ലെ മായം ചേർക്കൽ നിരോധന ചട്ടത്തിന്റെ പുതുക്കിയ പകർപ്പ് 2002 ആഗസ്റ്റിൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ് ന്യൂഡൽഹിക്ക് അയച്ചു കൊടുത്തിട്ടുണ്ട്. പുതിയ നിയമം നിലവിൽ വരുന്നതോടെ ആരോഗ്യത്തിന് ഹാനികരമായ ഭക്ഷ്യവസ്തുക്കൾ സംസ്ഥാനത്ത് നിരോധിക്കുന്നതിനുള്ള അധികാരം സംസ്ഥാന ഫുഡ്സ് ഹെൽത്ത് അതോറിറ്റിയിൽ നിക്ഷിപ്തമാവുകയാണ്. അത് കിട്ടുന്നതോടുകൂടി ആ അധികാരം നമുക്ക് ശക്തമായി നടപ്പിലാക്കാൻ കഴിയും. മായം ചേർക്കൽ നിരോധന നിയമം ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുന്ന വിഷയമായതിനാലും പ്രസ്തുത വിഷയം കേന്ദ്ര സർക്കാർ തന്നെ രാജ്യത്ത് മുഴുവൻ ബാധകമാകത്തക്ക രീതിയിൽ 1954-ൽ നിയമമാക്കിയതിനാലും സംസ്ഥാന സർക്കാർ ഇപ്പോൾ നിലവിലുള്ള നിയമത്തിന് വേറൊരു ഭേദഗതി നിയമം കൊണ്ടുവരുന്നത് അഭിലഷണീയമല്ല. ഔഷധങ്ങളിൽ മായം ചേർക്കുന്നത് തടയാനായി ഫലപ്രദമായ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ 1940-ലെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്റ്റും അതിനോട് അനുബന്ധിച്ച് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾ 1945-ഉം ഉണ്ട്. സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന് ഇതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാൻ അധികാരമുണ്ട്. ഈ നിയമം വളരെ ഫലപ്രദമാണ്. ഔഷധങ്ങളിൽ മായം ചേർക്കുന്നവരെ ജീവപര്യന്തം തടവിന് ശിക്ഷിക്കാൻ ഇതിൽ വേറൊരു വ്യവസ്ഥയുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടതു പോലെ ഒരു പ്രത്യേക നിയമം ഉണ്ടാക്കാൻ സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. പരിസ്ഥിതിയെ ഹാനികരമായി ബാധിക്കുന്ന മലിനീകരണ പ്രശ്നങ്ങൾ തടയുന്നതിന് കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരമുള്ള നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്. ഇതിനെല്ലാം പുറമേ ഈ സഭയിൽ ചർച്ചചെയ്ത പ്രമേയം എന്ന നിലയിൽ ബഹുമാനപ്പെട്ട മെമ്പർ പ്രകടിപ്പിച്ച വികാരങ്ങൾ കണക്കിലെടുത്തുകൊണ്ട് നിലവിലുള്ള നിയമം ഫലപ്രദമായി നടപ്പിലാക്കാനുള്ള നിർദ്ദേശം വിവിധ ഡിപ്പാർട്ടുമെന്റുകൾക്ക് ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നതാണ്. വ്യവസായശാലകൾ, ആശുപത്രികൾ, ഹോട്ടലുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് വരുന്ന മലിനജലവും ഖരമാലിന്യങ്ങളും പാഴ് വസ്തുക്കളും ജനവാസ കേന്ദ്രങ്ങൾ, മാർക്കറ്റ് മുതലായ സ്ഥലങ്ങളിൽ നിന്നുള്ള ചപ്പുചവറുകൾ, പട്ടണങ്ങളിൽ നിന്നും പഞ്ചായത്തുകളിൽ നിന്നും ഒഴുക്കി വിടുന്ന സ്വീവേജ് ഉൾപ്പെടെയുള്ള ഓടജലം ഇവയൊക്കെയാണ് നമ്മുടെ പരിസ്ഥിതിയെ ഹാനികരമായി ബാധിക്കുന്ന പ്രധാനപ്പെട്ട മാലിന്യ സ്രോതസ്സുകൾ. ഈ മാലിന്യ സ്രോതസ്സുകളിൽ നിന്നുള്ള മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി ഗവൺമെന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ക്ലീൻ കേരള പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ വിവിധങ്ങളായിട്ടുള്ള പ്രവർത്തനങ്ങൾ ഒരു വശത്ത്, ബോധവൽക്കരണം മറുവശത്ത്. നിലവിലുള്ള നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ വിവിധ ഡിപ്പാർട്ടുമെന്റുകൾക്ക് നിർദ്ദേശം നൽകുന്നതാണ്. ഇത് സംബന്ധിച്ച് ജനങ്ങൾക്ക് ഒരു പ്രത്യേകമായിട്ടുള്ള ബോധവൽക്കരണം ഉണ്ടാകേണ്ടത് ആവശ്യമാണ്. ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മെമ്പർ ഒരു നിർദ്ദേശം സഭയുടെ മുമ്പിൽ വച്ചിട്ടുണ്ട്. കൊക്കകോള, പെപ്സി തുടങ്ങിയവയെ സംബന്ധിച്ചുള്ള പരിശോധന നടന്നുകൊണ്ടിരിക്കുന്ന കാര്യം സഭയിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി നേരത്തേ അറിയിച്ചു. ഇതിന്റെ പരിശോധന പൂർത്തിയായിക്കഴിഞ്ഞു. ഇതിന്റെ റിസൾട്ട് വന്നതിനുശേഷം മാത്രമേ ഇതു സംബന്ധിക്കുന്ന നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂവെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഈ സഭയെ അറിയിച്ചതാണ്. ലോകസഭയിൽ ഇത് ഫലപ്രദമായി നിർദ്ദേശിച്ച കാര്യം അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഇവിടെ നമ്മുടെ സർക്കാർ ക്യാന്റീനുകളിൽ ആയാലും സർക്കാർ നടത്തുന്ന സൽക്കാരങ്ങളിലായാലും കൊക്കകോളയും പെപ്സിയും വിതരണം ചെയ്യുന്നത് നിർത്തലാക്കണമെന്ന് അദ്ദേഹം പറഞ്ഞു. ജനങ്ങളെ സംബന്ധിച്ച് ആശങ്കയുണ്ട്. അതുകൊണ്ട് ജനങ്ങൾ ഇത് ഉപയോഗിക്കാതിരിക്കണമെന്നാണ് സർക്കാരിന് ഇപ്പോൾ അഭ്യർത്ഥിക്കുവാൻ കഴിയുന്നത്. മറ്റ് സാങ്കേതികവും നിയമപരവുമായ കാര്യങ്ങൾ കൊണ്ട് ഇപ്പോൾ ഈ പ്രമേയം അംഗീകരിക്കുന്നതിനുള്ള തടസ്സങ്ങളുണ്ട്. അന്തിമമായി ഇത് പരിശോധിക്കുന്നതിന് ഇതിനെക്കുറിച്ചുള്ള റിപ്പോർട്ട് വന്നേ സാധിക്കൂ. ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടതനുസരിച്ച് നമ്മുടെ നിയമസഭ ക്യാന്റീനിലായാലും സർക്കാർ നടത്തുന്ന ക്യാൻറീനുകളിലായാലും ഗസ്റ്റ് ഹൗസുകളിലായാലും സർക്കാർ നടത്തുന്ന സൽക്കാരങ്ങളിലായാലും കൊക്കകോളയും പെപ്സിയും വിതരണം ചെയ്യുന്നത് നിരോധിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്ന കാര്യം ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:</u> അങ്ങ് ഇൻഫർമേഷൻ മന്ത്രികൂടിയാണല്ലോ. താങ്കൾ ഈ പ്രഖ്യാപനം നടത്തിയതിനനുബന്ധമായി കോള ഉപേക്ഷിക്കൂ, ആരോഗ്യം സംരക്ഷിക്കൂ, കരിക്ക് കുടിക്കൂ കരുത്ത് നേടൂ എന്ന ഒരു പ്രചാരം നടത്താൻ തയ്യാറാകുമോ?

<u>ശ്രീ. എം. എം. ഹസ്സൻ:</u> ഏത് കുടിക്കണം, ഏത് കുടിക്കണ്ട എന്ന പ്രചാരണത്തിനൊന്നും കുഴപ്പമില്ല. കരിക്ക് കുടിക്കുന്നത് നമ്മുടെ കേരളത്തിന്റെ ശീതളപാനീയമായതിനാലാണ്; നമ്മുടെ സമ്പദ്ഘടനയുടെ വികസനത്തിന് അത് വളരെ പ്രയോജനകരമാണ്. അത് ഏതായാലും ആലോചിക്കാവുന്ന കാര്യമാണ്. അതുകൊണ്ട് ഈ ബഹുമാനപ്പെട്ട മെമ്പറുടെ പ്രമേയത്തിൽ ആവശ്യപ്പെട്ട കാര്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കുവാൻ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല കഹാർ: ബഹുമാനപ്പെട്ട മെമ്പർ ശ്രീ. മമ്മൂട്ടി ഇവിടെ സംസാരിച്ചപ്പോൾ തമിഴ്നാട്ടിലെ നാഗർകോവിലിൽ നിന്ന് വലിയ തോതിൽ അരി കൊണ്ടുവന്ന് പാറശ്ശാല കേന്ദ്രമാക്കി മായം കലർത്തി വിൽക്കുന്ന കേന്ദ്രങ്ങളുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. അത് തടയുന്നതിന് ഉള്ള നടപടി പ്രത്യേകമായി സ്വീകരിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: പാറശ്ശാലയിൽ മായം കലർത്താൻ ഞങ്ങൾ അനുവദിക്കുകയില്ല.....ഒരിക്കലും അനുവദിക്കുകയില്ല. അത് അങ്ങും അനുവദിക്കുകയില്ലെന്നറിയാം. അതുകൊണ്ട് ഈ പ്രമേയത്തിന്റെ അന്തഃസത്ത പൂർണ്ണമായി ഗവൺമെന്റ് ഉൾക്കൊള്ളുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട മെമ്പറുടെ പ്രമേയത്തിനുള്ള ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഈ പ്രമേയം അദ്ദേഹം പ്രസ് ചെയ്യരുത്, പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ടി. എൻ. പ്രതാപൻ, അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി.എൻ. പ്രതാപൻ: പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

(3) 1996-2001 കാലഘട്ടത്തിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങളിലും മാനവീയം പരിപാടിയുടെ നടത്തിപ്പിലും ഉണ്ടായ ക്രമക്കേടുകളെക്കുറിച്ചും മറ്റും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വിദഗ്ദ്ധസമിതിയെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച്

ശ്രീ. തന്നാനൂർ രവി: ശ്രീ. പി. ടി. തോമസ് ചുമതലപ്പെടുത്തിയതനുസരിച്ച് ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുകയാണ്: "കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ (1996-2001) ജനകീയാസൂത്രണ പ്രവർത്തനങ്ങളിലും മാനവീയം പരിപാടിയുടെ നടത്തിപ്പിലും ഉണ്ടായ ക്രമക്കേടുകളെക്കുറിച്ചും സി.ഡി.എസ്., ശാസ്ത്ര സാഹിത്യ പരിഷത്ത്, കാപ്പ്കെക് തുടങ്ങിയ ഏജൻസികളുടെ പ്രവർത്തനത്തെക്കുറിച്ചും, ഇത്തരം സ്ഥാപനങ്ങൾക്ക് വിദേശ സഹായം ലഭിച്ചതിനെക്കുറിച്ചും, ഒരു മോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങാനുള്ള അധികാരംപോലും കവർന്നെടുത്ത്, അധികാര വികേന്ദ്രീകരണത്തിന്റെ പേരിൽ അധികാര കേന്ദ്രീകരണം നടത്തി ഗ്രാമപഞ്ചായത്തുകളെ ദുർബലപ്പെടുത്തിയതിനെക്കുറിച്ചും, ഇലക്ട്രിസിറ്റി ബോർഡിലും, വാട്ടർ അതോറിറ്റിയിലും, ഭവനനിർമ്മാണ ബോർഡിലും കോടിക്കണക്കിന് ഉറുപ്പിക ഡിപ്പോസിറ്റ് ചെയ്ത് അതാതു വർഷം പണം ചെലവഴിക്കപ്പെടാതെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ വികലമാക്കിയതിനെക്കുറിച്ചും, ജനകീയാസൂത്രണ ഫണ്ട് ചെലവഴിച്ചതിനെക്കുറിച്ചുള്ള ഓഡിറ്റ് ഒഴിവാക്കാൻ ശ്രമിച്ചതിനെക്കുറിച്ചും, ജനകീയാസൂത്രണത്തിന്റെ ഫലമായുള്ള പ്രവർത്തനങ്ങളുടെ നേട്ട-കോട്ടങ്ങളെക്കുറിച്ചും വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തണമെന്ന് ഈ സഭ സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുന്നു." പ്രധാനപ്പെട്ട ഒരു വിഷയത്തെ സംബന്ധിച്ചാണ്

LIBRARY ARCHIVES Kerala Legislative Assembly